**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കാനുള്ള നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി മേഖലയെ സ്വകാര്യവത്ക്കരിക്കാനും കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കാനുമുള്ളതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരിന്റെ നീക്കങ്ങളെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം, കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിന് വൈദ്യുതി മേഖലയിൽ-പ്രത്യേകിച്ച് വൈദ്യുതി വിതരണരംഗത്ത്-ഒന്നിലധികം ലൈസൻസികൾ ആവശ്യമാണ് എന്ന മുൻധാരണയുമായി കേന്ദ്രസർക്കാർ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ വൈദ്യുതി രംഗത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തിക്കൊണ്ട് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കും എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.<br><br>വൈദ്യുതി മേഖലയെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ ഒരു പ്രധാന നിയമമാണ് ഇലക്ട്രിസിറ്റി ആക്ട്, 2003. വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ, കേന്ദ്രസർക്കാർ 2021 ഏപ്രിൽ മാസം പുറത്തിറക്കിയ കരട് വൈദ്യുതി നയം, 2020 സെപ്റ്റംബർ മാസം പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees, 30.06.2023ന് പുറപ്പെടുവിച്ച ഇലക്ട്രിസിറ്റി (അമെൻഡ്മെന്റ്) റൂൾസ് 2023 എന്നിവയും വൈദ്യുതി മേഖലയുടെ സ്വകാര്യ വത്കരണത്തിന് സഹായകരമായ നിലപാടുകൾ ഉൾപ്പെടുന്നവയാണ്.<br><br>ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമവർത്തി-പ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്ര-മായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും |

| | | | |
|---|---|---|---|
| | | | സമവായത്തിലെ-ത്തുവാനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്.<br><br>**2022** ഓഗസ്റ്റ് മാസം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട കരട് വൈദ്യുതി നിയമ ഭേദഗതി ബില്ലിൽ ഉണ്ടായിരുന്ന പല നിർദ്ദേശങ്ങളും സ്വകാര്യമേഖലകൾക്ക് കടന്നുവരുന്നതിന് സഹായകരമായിരുന്നു. വൈദ്യുതി നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര നീക്കത്തിനെതിരെ സംസ്ഥാന നിയമസഭ **05.08.2021-**ന് ഐക കണ്ഠേന പ്രമേയം പാസ്സാക്കുകയും ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വ്യാപകമായ എതിർപ്പുകളെ തുടർന്ന് പിന്നീട് കേന്ദ്ര സർക്കാർ പ്രസ്തുത ബിൽ വിശദമായ പരിശോധനയ്ക്കായി ഊർജ്ജ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് കൈമാറിയിരുന്നു. തുടർന്ന് ഇത് പാസാക്കുന്നതിനെക്കുറിച്ചോ നടപ്പാക്കുന്നതിനെക്കുറിച്ചോ ഔദ്യോഗിക വിശദീകരണങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) | കാർഷിക മേഖലയെ സഹായിക്കുകയെന്ന നിലവിലെ സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസരിച്ച് കാർഷിക മേഖലയിലെ മൂല്യവർദ്ധിത സംരംഭകർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05.12.2024-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ് ഈടാക്കി വരുന്നത്.<br><br>ഈ ഉത്തരവു പ്രകാരം നാണ്യവിളകൾ ഉൾപ്പെടെയുള്ള എല്ലാ വിളകളുടെ കൃഷിക്കും, നെൽ കൃഷിക്കുമുള്ള ജലസേചനത്തിന് ആവശ്യമായ വൈദ്യുതി, കാർഷിക താരിഫിലാണ് **(LT V (A) Agriculture)** നൽകി വരുന്നത്. എന്നാൽ, ഇപ്രകാരം ലഭ്യമാകുന്ന വിളകൾ മൂല്യ വർദ്ധിത ഉത്പന്നങ്ങളിലേക്ക് മാറ്റം ചെയ്യപ്പെടുന്ന തുടർ പ്രക്രിയകൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് വ്യവസായിക നിരക്കിലാണ് **(LT IV(A) Industry)** ഈടാക്കി വരുന്നത്. എന്നാൽ വീടുകൾക്ക് ചേർന്നുള്ള 5HP/4kW ൽ താഴെ കണക്റ്റഡ് ലോഡുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ഗാർഹിക താരിഫ് ഈടാക്കിയാൽ മതി എന്ന് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2024ൽ ഇറക്കിയ സപ്ലൈകോഡ് ഭേദഗതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, **10** കിലോവാട്ടിന് താഴെയുള്ള മൂല്യ വർദ്ധിത സംരംഭകർക്ക് വ്യവസായ താരിഫിനേക്കാൾ കുറഞ്ഞ |

| | | | |
|---|---|---|---|
| | | | ഒരു താരിഫ് നിർണ്ണയിച്ചു തരണമെന്നുള്ള അപേക്ഷ, അടുത്ത താരിഫ് പരിഷ്കരണ സമയത്ത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി) | വൈദ്യുതി ലഭ്യമല്ലാത്ത ആദിവാസി ഊരുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആദിവാസി നഗറുകളിലെ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കോവിഡ് സമയത്ത് ഗവൺമെന്റ് നിർദേശമനുസരിച്ച് കെ. എസ്. ഇ. ബി. എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും അനുകൂലമായ കാലാവസ്ഥ തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് നവംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിനു 22 കോടി രൂപ കെ. എസ്. ഇ. ബി.എൽ.-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്. അനെർട്ട് മുഖേന താഴെ ഇടുക്കി, വേലപ്പൻകണ്ടി, മേലെ ഇടുക്കി, ഗലസി, ഊരടം എന്നീ സ്ഥലങ്ങളിൽ സോളാർ, വിൻഡ് ഉൾപ്പെടെയുള്ള ഹൈബ്രിഡ് പവ്വർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണം നടത്തി.<br><br>കേന്ദ്ര സർക്കാർ നടപ്പാക്കുന്ന PM-JANMAN (Pradhan Mantri Janjati Adivasi Nyaya Maha Abhiyan) പദ്ധതിയുടെ (Particularly Vulnerable Tribal Group) PVTG mission പ്രകാരം PVTG നഗറുകളിലെ PVTG വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികളിൽ 345എണ്ണത്തിൽ 313എണ്ണം നാളിതുവരെ പൂർത്തീകരിച്ചു. ബാക്കിയുള്ള വീടുകളുടെ നിർമ്മാണവും വയറിങ്ങും സംസ്ഥാന പട്ടികജാതി, പട്ടിക വർഗ വകുപ്പ് പൂർത്തീകരിച്ചു, കെ. എസ്. ഇ. ബി. എൽ.നു അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അവ വൈദ്യുതീകരിക്കാവുന്നതാണ്.<br><br>കേന്ദ്ര സർക്കാരിന്റെ മറ്റൊരു പദ്ധതിയായ **DA - JAGUA (Dharthi Aaba Jangathiya Gram Uthkarsh Abhiyan)** പ്രകാരം ഒരു നഗറിലെ ജനസംഖ്യയുടെ **50%** പട്ടികവർഗ വിഭാഗമോ അല്ലെങ്കിൽ ഒരു നഗറിലെ ജനസംഖ്യയിൽ **500** പേർ പട്ടിക വിഭാഗത്തിൽപ്പെട്ടവരോ ആയ നഗറുകളിൽ വസിക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട ആളുകളുടെ വീടുകളും അവിടെയുള്ള പൊതുസ്ഥാപനങ്ങളും |

| | | | |
|---|---|---|---|
| | | | വൈദ്യുതീകരിക്കാനായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം **164** നഗറുകളിൽ **1226** വീട്ടുകളും **17** പൊതു സ്ഥാപനങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇവയിൽ **159** വീടുകളുടെ വൈദ്യുതീകരണം പൂർത്തിയാക്കി. ബാക്കിയുള്ള വീടുകളുടെ നിർമാണവും വയറിങ്ങും സംസ്ഥാന പട്ടികജാതി, പട്ടികവർഗ വകുപ്പ് പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.എൽ.-ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവ വൈദ്യുതീകരിക്കാവുന്നതാണ് . |
| (ഡി) | വൈദ്യുതി വിതരണ ശൃംഖലയുടെ പരിധിയിൽ വരാത്ത വിദൂര പ്രദേശങ്ങളിലെ വീടുകൾക്ക് വൈദ്യുതി എത്തിക്കാൻ ഉചിതമായ സാങ്കേതികവിദ്യാ സഹായം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | വൈദ്യുതി വിതരണ ശൃംഖലയുടെ പരിധിയിൽ വരാത്ത വിദൂര പ്രദേശങ്ങളിലെ വീടുകളിൽ സൗരോർജ്ജം/വിൻഡ് സോളാർ ഹൈബ്രിഡ് ഉപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതികൾ അനെർട്ട് വഴി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ